# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 03 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## വനിത പോലീസിന്റെ
## പാസ്സിങ് ഔട്ട് പരേഡ് ഇന്ന് (ആഗസ്റ്റ് നാല്)

രാമവർമ്മപുരം കേരള പോലീസ് അക്കാദമി ഗ്രൗണ്ടിൽ  വനിതാ പോലീസ് ബറ്റാലിയൻ രണ്ടാമത്തെ ബാച്ചിന്റെ പാസ്സിങ് ഔട്ട് പരേഡ് ഇന്ന് (ആഗസ്റ്റ് നാലിന്) രാവിലെ എഴിന് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, അക്കാദമി ഡയറക്ടർ ഡോ. ബി സന്ധ്യ, എഡിജിപി ടോമിൻ ജെ തച്ചങ്കരി തുടങ്ങിയവർ പങ്കെടുക്കും.

പരിശീലനം പൂർത്തിയാക്കിയ 146 പേരിൽ 29 പേർ ബിരുദാനന്തര ബിരുദവും അഞ്ച് പേർ ബി ടെക് ബിരുദവും ഒരാൾ നിയമ ബിരുദവും മൂന്ന് പേർ കംപ്യൂട്ടർ ബിരുദാനന്തര ബിരുദവും 25 പേർ ബി എഡ് ബിരുദവും മൂന്ന് പേർ എംബിഎ ബിരുദവും 55 പേർ ബിരുദവും നാല് പേർ ഡിപ്ലോമയും രണ്ടു  പേർ ടിടിസി യോഗ്യതയും നേടിയവരാണ്.

അടിസ്ഥാന പരിശീലനം കൂടാതെ കുട്ടിക്കാനം അഞ്ചാം ബറ്റാലിയനിൽ കമാൻഡോ പരിശീലനവും തീരദേശ പരിപാലനത്തിനുള്ള പ്രത്യേക പരിശീലനവും നേടിയിട്ടുണ്ട്. കംപ്യൂട്ടർ, സ്വിമ്മിങ്, യോഗ, കളരി, കരാട്ടേ, ഡ്രൈവിങ് എന്നിവയിലും ഇൻഡോർ ട്രെയിനിങ്ങും ലഭിച്ചിട്ടുണ്ട്. സാമൂഹ്യനീതി സ്ഥാപനങ്ങൾ, കറക്ഷണൽ ഹോംസ്, ഫോറൻസിക് ലാബ് എന്നിവിടങ്ങളിൽ സന്ദർശിച്ച് പരിശീലനം നേടിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയവരിൽ ഓൾ റൗണ്ടറായി കെ നിത്യയും ബസ്റ്റ് ഔട്ട്ഡോറായി വി കൃഷ്ണപ്രിയയും  ബസ്റ്റ് ഇൻഡോറായി എൻ എസ് നജിലയും സിൻസിയേരിറ്റി ആൻഡ് ഡെഡിക്കേഷൻ വിഭാഗത്തിൽ എം നിവ്യയും ബസ്റ്റ് ഷൂട്ടറായി ആശ കെ സെബാസ്റ്റ്യനെയും തിരഞ്ഞെടുത്തു.

## കെട്ടിട നിർമാണ അദാലത്ത്: കൊടുങ്ങല്ലൂർ
## നഗരസഭയിൽ 26 പരാതികൾ തീർപ്പാക്കി

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിലും പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നമ്പറും ഉടമസ്ഥ സർട്ടിഫിക്കറ്റ് നൽകുന്നതിലുമുണ്ടായ പരാതികളിലും കാലതാമസത്തിലും കൊടുങ്ങല്ലൂർ നഗരസഭയിൽ ചെയർമാൻ കെ.ആർ.ജൈത്രന്റെ അധ്യക്ഷതയിൽ നടത്തിയ അദാലത്തിൽ ഭൂരിപക്ഷത്തിലും പരിഹാരമായി. 39 അപേക്ഷകൾ ലഭിച്ചതിൽ 26 എണ്ണവും തീർപ്പാക്കി.  അഞ്ച് അപേക്ഷകൾ നിരസിച്ചു. നഗരസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ ഇത്രയുമധികം ഫയലുകൾക്ക് ഒരേ സമയം പരിഹാരം കാണുന്നത്. തണ്ണീർത്തട -നെൽവയൽ നിയമത്തിന്റെ നൂലാമാലകളാലും തീരദേശ പരിപാലന നിയമത്തിന്റെ സങ്കീർണ്ണത മൂലവും നിർമ്മാണാനുമതി നിഷേധിക്കപ്പെട്ട അപേക്ഷകൾക്ക് പരിഹാരമായി. പി എം എ വൈ-ലൈഫ് പദ്ധതിയിലുൾപ്പെട്ട അഞ്ച് സെന്റിൽ താഴെ സ്ഥലമുള്ളതും വാസയോഗ്യമായ വീടില്ലാത്തതുമായ അപേക്ഷകളും തീർപ്പാക്കിയതിന്റെ ഭാഗമായി നിർമ്മാണാനുമതി നൽകി. മേത്തല വില്ലേജിൽ പടന്നയിൽ  ഫൈബർ ബോട്ട് നിർമ്മാണ യൂണിറ്റിനായി  നാല് വർഷമായി അനുമതി നൽകാതെ കിടന്ന അപേക്ഷ പരിശോധിച്ച് അനുമതി നൽകിക്കഴിഞ്ഞു. കെട്ടിടത്തിന്റെ പ്ലാനിൽ ഇല്ലാത്ത ഭാഗം നിർമ്മാണ സമയത്ത് കൂട്ടിച്ചേർക്കുന്നത് പലപ്പോഴും നമ്പർ നൽകുന്നതിന് തടസ്സം സൃഷ്ടിക്കാറുണ്ട്. അപേക്ഷകളിലെ ക്രമക്കേടുകൾ പരിഹരിച്ച് നിയമ വിധേയവും സുതാര്യവുമാക്കുവാനും ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥരിൽ

അനുകൂല സമീപനമുണ്ടാക്കുകയുമാണ് ഇത്തരം അദാലത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ചെയർമാൻ പറഞ്ഞു.

നഗരസഭ വൈസ് ചെയർപേഴ്സൺ ഹണി പീതാംബരൻ, തങ്കമണി സുബ്രഹ്മണ്യൻ, മുനിസിപ്പൽ സെക്രട്ടറി ടി.കെ.സുജിത്, എഞ്ചിനീയർ സി.എസ്.പ്രകാശൻ, എം.ബി.ധന്യ, ജയറാണി എന്നിവർ അദാലത്തിൽ പങ്കെടുത്തു.

## അരിമ്പൂർ പഞ്ചായത്തിൽ ഫയലുകൾ മൂന്ന് മിനിറ്റിനുള്ളിൽ ലഭ്യമാകും

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഫയലുകൾ എളുപ്പത്തിൽ ലഭ്യമാകും. മൂന്ന് മിനിറ്റിനുള്ളിൽ ഏതു ഫയലുകളും ആവശ്യക്കാരിലെത്തിക്കാൻ പഞ്ചായത്ത് സൗകര്യമൊരുക്കി. പതിനേഴു വാർഡുകളിലെയും ഫയലുകൾ ഉൾപ്പെടുത്തി ആധുനിക രീതിയിലുള്ള റെക്കോർഡ് റൂമാണ് ഇതിനു വേണ്ടി ഒരുക്കിയത്. ഐഎസ്ഒ സർട്ടിഫിക്കേഷന്റെ ഭാഗമായാണ് ക്രമീകരണം. ഏറെ വൈകാതെ ഫ്രണ്ട് ഓഫീസിൽനിന്നു തന്നെ അപേക്ഷകന് ഫലയുകളുടെ സ്ഥിതിവിവരം അറിയുന്നതിനുള്ള സൗകര്യവും ലഭ്യമാക്കുമെന്ന് പഞ്ചായത്ത് സെക്രട്ടറി ടി സത്യൻ, അസിസ്റ്റന്റ് സെക്രട്ടറി എ എൽ തോമസ് എന്നിവർ അറിയിച്ചു.

## ബ്ലൂ ആർമി: റാലി സംഘടിപ്പിക്കും

ബ്ലൂ ആർമി പ്രവർത്തനങ്ങളുടെ ജില്ലാതല ഉദ്ഘാടന പരിപാടിയുടെ ഭാഗമായി റാലി സംഘടിപ്പിക്കുന്നു. ആഗസ്റ്റ് അഞ്ച് വൈകീട്ട് മൂന്നിന് അരിമ്പൂർ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്കൂളുകളെയും പ്രതിനിധീകരിച്ചുള്ള വിദ്യാർത്ഥികളുടെ റാലിയിൽ ബ്ലൂ ആർമി കോർഡിനേറ്റുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. ജില്ലാ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ജലസംരക്ഷണം സാധ്യമാക്കുന്നതിനു വിഭാവനം ചെയ്ത് സംയോജിത പ്രൊജക്ട് ആണ് ജലരക്ഷ - ജീവരക്ഷ. പ്രൊജക്ടിന്റെ നടത്തിപ്പിന് ജില്ലയിലെ മുഴുവൻ വിദ്യാർത്ഥി സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ക്ലബ്ബാണ് ബ്ലൂ ആർമി. ജലരക്ഷ ജീവരക്ഷ പദ്ധതി ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് ആറിന് രാവിലെ ഒൻപതിന് കണ്ടശ്ശാങ്കടവ് ജോസഫ് മുണ്ടശ്ശേരി സ്കൂളിൽ മന്ത്രിമാരായ പ്രൊഫ. സി രവീന്ദ്രനാഥ്, അഡ്വ. വി എസ് സുനിൽകുമാർ എന്നിവർ ചേർന്നു നിർവഹിക്കും. മുരളി പെരുനെല്ലി എംഎൽഎ അധ്യക്ഷത വഹിക്കും. റാലി അരിമ്പൂർ ഹൈസ്കൂളിൽ നിന്ന് ആരംഭിച്ച് സെന്റ് തെരാസസ് സ്കൂളിൽ അവസാനിക്കും.

## മീറ്റിംഗ് ഹാൾ ഉദ്ഘാടനം ചെയ്തു

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ നവീകരിച്ച മീറ്റിംഗ് ഹാൾ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ആയിരിക്കെ അകാലത്തിൽ മരണപെട്ട എൻ സതീഷിന്റെ നാമധേയത്തിൽ ആണ് മീറ്റിംഗ് ഹാൾ പണികഴിപ്പിച്ചത്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ ചെവഴിച്ച് ആധുനിക രീതിയിലുള്ള റെക്കോർഡ് റൂം, മീറ്റിംഗ് ഹാൾ എന്നിവ നിർമിച്ചിട്ടുണ്ട് . ഐ എസ് ഒ സെർട്ടിഫിക്കേഷൻ പ്രഖ്യപനത്തിന്റെ ഭാഗമായാണ് മീറ്റിംഗ് ഹാൾ പണിപൂർത്തിയാക്കിയത്. പഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻദാസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എൻ സി സതീഷ് അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത് അംഗങ്ങളായ സിജി മോഹൻദാസ്, അജിത കൃഷ്ണൻ, ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ മനോഹരൻ, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു സഹദേവൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി ആർ അരവിന്ദാക്ഷൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭ ജോഷി, പഞ്ചായത്ത് സെക്രട്ടറി ടി സത്യൻ എന്നിവർ സംസാരിച്ചു.

## മെഡിക്കൽ എൻട്രൻസ് പരിശീലനം

ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു. അപേക്ഷാഫോറവും വിശദവിവരങ്ങളും തൃശൂർ പള്ളികുളത്ത് പ്രവർത്തിക്കുന്ന ജില്ലാ ഫിഷറീസ് ഓഫീസിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ആഗസ്റ്റ് എഴിനകം ജില്ലാ ഫിഷറീസ് ഓഫീസിൽ നൽകണം. ഫോൺ: 0487-2441132.

## താൽക്കാലിക നിയമനം

മതിലകം ബ്ലോക്ക് പഞ്ചായത്ത് അഗ്രോസർവീസ് സെന്ററിൽ ഫെസിലിറ്റർ, തൊഴിലാളി എന്നീ തസ്തികളിൽ താൽക്കാലിക നിയമനം നടത്തുന്നു. അഗ്രികൾച്ചർ, അഗ്രികൾച്ചറൽ എഞ്ചിനീയറിങ്ങ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദവും അല്ലെങ്കിൽ അഗ്രികൾച്ചറൽ/മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമയും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ വിഎച്ച്എസ്സി അഗ്രികൾച്ചറും അഞ്ച് വർഷത്തെ പ്രവൃത്തിപരിചയവുമാണ് ഫെസിലിറ്ററുടെ യോഗ്യത. നാലാം ക്ലാസ്സും കാർഷിക സേവന സന്നദ്ധതയുമാണ് തൊഴിലാളിയുടെ യോഗ്യത. അപേക്ഷ ഫോറം മതിലകം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭിക്കും. താൽപര്യമുള്ളവർ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ആഗസ്റ്റ് എട്ടിനകം മതിലകം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നൽകണം. ഫോൺ: 9446367312.

## ഗസ്റ്റ് അദ്ധ്യാപകർ

തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മെക്കാനിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ വിഭാഗങ്ങളിൽ ഗസ്റ്റ് ലക്ചററെ നിയമിക്കുന്നു. ബന്ധപ്പെട്ട ബ്രാഞ്ചിൽ ബി.ടെക്കാണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ആഗസ്റ്റ് ആറിന് രാവിലെ 10 ന് എഴുത്തുപരീക്ഷയ്ക്കും അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2333290.

## എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 14 ന്

ജില്ലാ ശിശുക്ഷേമ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ആഗസ്റ്റ് 14 ഉച്ച 2.30 ന് ജില്ലാ ശിശുക്ഷേമ സമിതി ഓഫീസിൽ ചേരും.

## ജില്ലാതല കലാകായിക മത്സരം ഇന്ന് (ആഗസ്റ്റ് നാല്)

ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും കലാകായിക മത്സരം ഇന്ന് (ആഗസ്റ്റ് നാല്) രാവിലെ ഒൻപതിന് രാമവർമ്മപുരം ഗവ. എഞ്ചിയീയറിങ് കോളേജിൽ നടക്കും. മത്സരം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡംഗം എം കെ ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. കോർപ്പറേഷൻ കൗൺസിലർ എ പ്രസാദ്, ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ കെ എസ് ഷാഹിത, അസി. ജില്ലാ ഭാഗ്യക്കുറി ഓഫീസർ പി എ ഷാജു എന്നിവർ പങ്കെടുക്കും.

സമാപനസമ്മേളനം വൈകീട്ട് നാലിന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡംഗം എം കെ ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. കോർപ്പറേഷൻ കൗൺസിലർ പ്രസീജ ഗോപകുമാർ, ജില്ലാ ഭാഗ്യക്കുറി ഓഫീസർ എസ് അനിൽകുമാർ, ഇരിങ്ങാലക്കുട അസി. ഭാഗ്യക്കുറി ഓഫീസർ പി ബി വിനോദ് തുടങ്ങിയവർ പങ്കെടുക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്നവർ ആഗസ്റ്റ് നാലിന് രാവിലെ എട്ടിന് മത്സരവേദിയിലെ പവലിയനിൽ റിപ്പോർട്ട് ചെയ്യണം.

## അഴീക്കോട് -മുനമ്പം പാലം സ്ഥലമേറ്റെടുക്കൽ: പബ്ലിക് ഹിയറിങ്ങ് നടത്തി

അഴീക്കോട് -മുനമ്പം പാലത്തിന്റെ അഴീക്കോട് ഭാഗത്തെ അനുബന്ധറോഡ് നിർമ്മാണത്തിന് വേണ്ടി
റോഡ് ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിങ്ങ് നടത്തി. എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജഗിരി കോളേജിന്റെ നേതൃത്വത്തിൽ നടത്തിവന്ന പരിസ്ഥിതി ആഘാതപഠനം പൂർത്തിയായതിന്റെ അടിസ്ഥാനത്തിലാണ് കൈപ്പമംഗലം നിയോജകമണ്ഡലം എംഎൽഎ ഇ.ടി. ടൈസൺ മാസ്റ്ററുടെ നേതൃത്വത്തിൽ അഴീക്കോട് ഐഎംയുപി സ്കൂളിൽ ഹിയറിങ്ങ് നടത്തിയത്. കളമശ്ശേരി രാജഗിരി കോളേജ്, ജില്ലാ പൊതുമരാമത്ത് വകുപ്പ് എന്നിവരുടെ സഹകരണത്തോടെയായിരുന്നു ഹിയറിങ്ങ്. പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യമായ അഴീക്കോട് മുനമ്പം പാലം നിർമ്മാണവുമായുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്ന സാഹചര്യത്തിലാണിത്. പരിസ്ഥിതി ആഘാതപഠനം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 428/ 6, 429/8, 430/4, 196/4 എന്നീ സർവ്വേ നമ്പറിൽ കിടക്കുന്ന ഭൂമിയുടമകളുടെ വീടും സ്ഥലവുമാണ് സർക്കാർ റോഡ് നിർമാണത്തിനായി ഏറ്റെടുക്കുക. സമൂഹ്യപ്രത്യാഘാത റിപ്പോർട്ട് തയ്യാറാക്കുന്നത്തിന്റെ ഭാഗമായി വിളിച്ചു ചേർത്ത ഹിയറിങ്ങിൽ പാലം വരുന്നതിന്റെ ഭാഗമായി വീടും സ്ഥലവും നഷ്ടമാവുന്ന 18 കുടുംബങ്ങളും പങ്കെടുത്തു. വീടുകൾ ഭാഗികമായി നഷ്ടപ്പെടുന്നവരെ പൂർണ്ണമായി സർക്കാർ ഏറ്റെടുക്കണമെന്നും ന്യായമായ നഷ്ടപരിഹാരം നൽകി എത്രയും വേഗം പാലം യാഥാർത്ഥ്യമാക്കണമെന്നും ഇതിന് വേണ്ടി കഴിയുന്ന എല്ലാ സഹകരണവും ഉണ്ടാകുമെന്നും ഹിയറിംഗിൽ പങ്കെടുത്തുകൊണ്ട് നാട്ടുകാർ സംസാരിച്ചു. പ്രോജക്ട് ഡയറക്ടർ മീനാകുരുവിള, എറിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പ്രസാദിനി മോഹനൻ, വാർഡ് മെമ്പർ പ്രസീനറാഫി, ബിജു സി പി, രഞ്ജിത്ത് കെ.യു, മരിയ ടെൻസി തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. ഈ അദ്ധ്യയന വർഷം പ്ലസ് വൺ മുതൽ പ്രൊഫഷണഷൽ കോഴ്സുകൾ ഉൾപ്പെടെയുള്ള പിജിക്ക് ചേർന്നിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. അപേക്ഷഫോറം ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലും www.peedika.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ജില്ലാ ഓഫീസുകളിൽ സെപ്തംബർ 30 നകം നൽകണം. ഫോൺ: 0487-2364866.

## ഓണം ബോണസ് ഒപ്പിടാൻ എത്തണം

ഈ വർഷത്തെ ഓണം ബോണസ് ലഭിക്കുന്നതിന് ക്ഷേമനിധി അംഗങ്ങൾ ആഗസ്റ്റ് അഞ്ച് മുതൽ 31-ാം തീയതി വരെ ഒപ്പിടാൻ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ എത്തണം. ഒപ്പിടാൻ വരുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക്, ക്ഷേമനിധി അംഗത്വ പാസ്ബുക്ക്, ക്ഷേമനിധി ടിക്കറ്റ് അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരണം. 2019 മാർച്ച് 31 വരെ ക്ഷേനിധിയിൽ അംഗത്വമെടുത്ത് ജൂലൈ മാസം വരെ അംശാദായം ഒടുക്കിയവർക്കും 2019 മെയ്, ജൂൺ മാസങ്ങളിൽ റദ്ദായ അംഗത്വം പുന:സ്ഥാപിച്ചവർക്കും ഒപ്പിടാൻ അവസരം ലഭിക്കും. 2019 ഏപ്രിൽ മാസം മുതൽ സൂപ്പറേഷൻ പെൻഷൻ ലഭിക്കാൻ യോഗ്യതയുള്ളവർക്കും ഓണം ബോണസ്സിനായി ഒപ്പിടാൻ അവസരം ലഭിക്കുമെന്ന് ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ അറിയിച്ചു.

## വരവൂരിൽ ജൈവ പച്ചക്കറി വിപണന

## കേന്ദ്രം ഉദ്ഘാടനം ചെയ്തു

വരവൂർ ഗ്രാമപഞ്ചായത്തിൽ നാടൻ ജൈവ  പച്ചക്കറികളുടെ വിപണന കേന്ദ്രം ഉദ്ഘാടനം യു ആർ പ്രദീപ് എംഎൽഎ നിർവഹിച്ചു. വിഷരഹിതമായ നാടൻ ജൈവ പചക്കറികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി ആരോഗ്യപൂർണ്ണമായ ജനതയെ വളർത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. വരവൂർ സർവീസ് സഹകരണ സംഘത്തിൽ സ്ഥാപിതമായ ചെങ്ങാലിക്കോടൻ ഗ്രോവേഴ്സ് പാർക്ക് ഹൗസിലാണ് ദിവസവും ശേഖരിക്കുന്ന ജൈവ പച്ചക്കറികൾ ലഭ്യമാക്കുന്നത്. വരവൂർ കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെങ്ങാലിക്കോടൻ ഗ്രോവേഴ്സ് അസോസിയേഷൻ, വരവൂർ കുടുംബശ്രീ ജെഎൽജി ഗ്രൂപ്പുകൾ, നടുവട്ടം പച്ചക്കറി ക്ലസ്റ്റർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളെയാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരിക്കുന്നത്.

വരവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സി വിജയലക്ഷ്മി അദ്ധ്യക്ഷത വഹിച്ചു. ചെങ്ങാലിക്കോടൻ ഗ്രോവേഴ്സ് അസോസിയേഷൻ അംഗം പി ഷിനോജ് റിപ്പോർട്ട് അവതരിപ്പിച്ചു. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എസ് ബസന്ത്‌ലാൽ, വൈസ് പ്രസിഡണ്ട് പി പി സുനിത, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ വി ഖദീജ ടീച്ചർ, സഹകരണസംഘം പ്രസിഡണ്ട് വി കെ രവീന്ദ്രനാഥ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം എ മോഹനൻ, ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ സി ഗോപകുമാർ, ഗ്രോവേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് വി സദാശിവൻ, ട്രഷറർ കെ എസ് ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു.

## ജനറൽ ബോഡി
## യോഗം 19 ന്

ജില്ലാ ശിശുക്ഷേമ സമിതിയുടെ ജനറൽ ബോഡി യോഗം ആഗസ്റ്റ് 19 രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## സിഎസ് നഗർ റോഡ് നാടിന് സമർപ്പിച്ചു

അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ സിഎസ്നഗർ റോഡ് നാടിനു സമർപ്പിച്ചു. എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 11 ലക്ഷം രൂപ വിനിയോഗിച്ചാണ് റോഡ് നിർമ്മാണം പൂർത്തീകരിച്ചത്. പഞ്ചായത്തിലെ സിഎസ് നഗർ പ്രദേശവാസികളുടെ പിന്നോക്കാവസ്ഥ ദൂരീകരിക്കുന്നതിനും യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിനും എംഎൽഎയുടെ പ്രത്യേക പരിഗണനയിലാണ് 303 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തത്. വെളുത്തൂരിൽ മുരളി പെരുനെല്ലി എംഎൽഎ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത് പ്രസിഡന്റ് സുജാത മോഹൻദാസ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എൻ സി സതീഷ്, ജില്ലാപഞ്ചായത് അംഗങ്ങളായ സിജി മോഹൻദാസ്, അജിത കൃഷ്ണൻ, ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ മനോഹരൻ, പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു സഹദേവൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി ആർ അരവിന്ദാക്ഷൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭ ജോഷി, പഞ്ചായത്ത് സെക്രട്ടറി ടി സത്യൻ എന്നിവർ സംസാരിച്ചു.

## ഉപതിരഞ്ഞെടുപ്പ്:
## വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിലെ കുഴൂർ നിയോജകമണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പിനു മുന്നോടിയായി അന്തിമ വോട്ടർപട്ടിക 2019 ആഗസ്റ്റ് മൂന്നാം തീയതി പ്രസിദ്ധീകരിച്ചു. വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തിന്നതിനും ഉൾക്കുറിപ്പ് തിരുത്തുന്നതിനും എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ അവ ആഗസ്റ്റ് അഞ്ച്, ആറ് തീയതികളിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിക്കും. അന്തിമ വോട്ടർ പട്ടിക ആഗസ്റ്റ് 14 ന് പ്രസിദ്ധീകരിക്കും. വോട്ടർമാർ നിലവിൽ പ്രസിദ്ധീകരിച്ച വോട്ടർപട്ടിക പരിശോധിച്ച് തങ്ങളുടെ പേരുവിവരം യഥാവിധി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസർ അറിയിച്ചു.

## എസ്‌സി പ്രമോട്ടർ നിയമനം

പട്ടികജാതി വികസന വകുപ്പ് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ എസ്‌സി പ്രമോട്ടറെ നിയമിക്കുന്നു. ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമയാണ് യോഗ്യത. ബിഎഡ്, പിജി, സോഷ്യോളജി, സോഷ്യൽ വർക്ക് എന്നിവയിൽ പിജിയുള്ളവർക്ക് മുൻഗണന. പ്രായം 2019 ജനുവരി ഒന്നിന് 40 വയസ്സ് കവിയാത്ത പട്ടികജാതി വിഭാഗക്കാർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങളും അപേക്ഷഫോറവും ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫിസുകൾ, ജില്ലാ പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും. അപേക്ഷ ആഗസ്റ്റ് 29 നകം അതാത് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടിക
ജാതി വികസന ഓഫിസുകളിൽ നൽകണം. ഫോൺ: 0487-2360381.

## മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം

മുകുന്ദപുരം താലൂക്ക് വികസന സമിതിയുടെ നൂറ്റിമുപ്പത്തിയാറാമത് വികസന സമിതി യോഗം എംഎൽഎ കെ യു അരുണൻ മാസ്റ്റർ എംഎൽഎയുടെ അധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ ചേർന്നു. ഇരിങ്ങാലക്കുടയിൽ നിന്നും നിർത്തിവെച്ച കെഎസ്ആർടിസി ദീർഘദൂര സർവീസുകൾ ഉടൻ ആരംഭിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ഇരിങ്ങാലക്കുട മണ്ഡലത്തിൽ ലഹരി ബോധവൽക്കരണ ക്ലാസുകൾ ഊർജിതമായി നടത്തണം. പ്രളയാനന്തര ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് 2091 അപ്പീൽ അപേക്ഷകൾ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം എഞ്ചിനീയറിങ് വിഭാഗം പരിശോധന നടത്തി വരുന്നതായി തഹസിൽദാർ അറിയിച്ചു. ഉപയോഗശൂന്യമായ പോസ്റ്റുകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ മാറ്റണമെന്ന് കെഎസ്ഇബി വിഭാഗത്തോട് ആവശ്യപ്പെട്ടു. കരുവന്നൂർ പുഴയുടെ കാറളം പഞ്ചായത്തിലെ റോഡിന്റെ സൈഡ് ഭിത്തി ഇടിയുന്ന സാഹചര്യത്തിൽ സൈഡ് കെട്ടി സംരക്ഷിക്കണം. ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ ഒപി സമയം ഉച്ചക്ക് ശേഷം അനുവദിക്കണം. ചിറ്റിശ്ശേരി സിഎച്ച്സി യിലെ ഇൻസുലിൻ ഉൾപ്പടെയുള്ള മരുന്ന് ക്ഷാമം ഉടൻ പരിഹരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

വേളൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര തിലകൻ, പൂമംഗലം പഞ്ചായത്ത് പ്രസിഡന്റ് വർഷ രാജേഷ്, കാറളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷീജ സന്തോഷ്, മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സരള വിക്രമൻ, പടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി എസ് സുധൻ എന്നിവർ പങ്കെടുത്തു. വിവിധ വകുപ്പ് മേധാവികൾ, രാഷ്ട്രീയ കക്ഷി നേതാക്കൾ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. തഹസിൽദാർ ഐ ജെ മധുസൂദനൻ സ്വാഗതം പറഞ്ഞു.

## ഭക്ഷ്യവിഭവങ്ങളുമായി
## ഫ്രീഡം ഫുഡ് ഫാക്ടറി

വിയ്യൂർ ജയിൽ ഫ്രീഡം ഫുഡ് ഫാക്ടറി ഭക്ഷ്യോത്പന്നങ്ങൾ ഓൺലൈൻ ഭക്ഷണ പ്ലാറ്റ്ഫോമുകളായ സ്വിഗ്ഗി, സൊമാറ്റോ, ഊബർ ഈറ്റ്സ് എന്നിവയിലൂടെയും ലഭിക്കും. ഇനം, വിഭവം, വില യഥാക്രമത്തിൽ. കോംബോ പ്രാതൽ:5 ഇഡ്ഡലി, സാമ്പാർ, ചട്നി, 5 ചപ്പാത്തി വെജ്/എഗ്ഗ് കറി, പ്ലം കേക്ക് പീസ്-82 രൂപ, കോംബോ ബ്രൗണീസ്: 350 ഗ്രാം പ്ലം കേക്ക്, 4 കപ്പ് കേക്ക്, 1 പാക്കറ്റ് സ്ലൈസ്ഡ് ബ്രഡ്-157 രൂപ, ചപ്പാത്തി കോംബോ: 5 ചപ്പാത്തി, ചില്ലി ചിക്കൻ, പ്ലംകേക്ക് പ്ലീസ്-88 രൂപ, ചിക്കൻ ബിരിയാണി കോംബോ: ചിക്കൻ ബിരിയാണിയും കപ്പ് കേക്കും -88 രൂപ. ഇതിനു പുറമേ മൊബൈൽ സെയിൽസ് വാൻ മുഖേന മെഡിക്കൽ കോളേജ്/കോർപ്പറേഷൻ ഓഫീസ് എന്നിവിടങ്ങളിലും ലഭിക്കും.

## യുവജനദിനാചരണം
## വിവിധ മത്സരങ്ങൾക്ക് പങ്കെടുക്കാം

അന്താരാഷ്ട്ര യുവജനദിനവാരാചരണത്തിൻറെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ പ്രബന്ധ രചന, കവിത രചന, ചെറുകഥ രചന, പോസ്റ്റർ രചന, പ്രോമോ വീഡിയോ നിർമ്മാണം എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 'ശുചിത്യം വികസനത്തിന്റെ

ദിശാ സൂചിക - ഇന്ത്യൻ പശ്ചാത്തലത്തിൽ ' എന്നതാണ് വിഷയത്തിൽ പ്രബന്ധവിഷയം. 20 പുറത്തിൽ കവിയാതെ എ4 പേജിന്റെ ഒരു പുറം മാത്രം എഴുതിയ പ്രബന്ധങ്ങൾ അയ്ക്കുക. 'ശുചിത്യം' എന്ന ദിശാ സൂചികയിൽ തയാറാക്കിയ അമ്പതു വരികളിൽ കവിയാത്ത മലയാള കവിതകൾ ക്ഷണിച്ചു. യുവത്യം നേരിടുന്ന സമകാലിക സമസ്യകളിലേക് വിരൽ ചൂണ്ടുന്നതോ, തൊഴിൽ, ശുചിത്യം, നൈപുണ്യം, സമകാലിക സാമൂഹിക സമാധാനം, വികസനം, എന്നി ദിശകളിൽ പ്രേരണ നല്കുന്നതോ ആയ, നാല് പുറത്തിൽ കവിയാത്ത, വിഷയങ്ങളിൽ ചെറുകഥകൾ ക്ഷണിക്കുന്നു. പോസ്റ്റർ രചന മത്സരത്തിൽ 'ശുദ്ധജല സംരക്ഷണം' എന്ന വിഷയത്തിൽ എ3 വലുപ്പത്തിലുള്ള വാട്ടർ കളറിൽ വരച്ച ചിത്രങ്ങൾ അയ്ക്കുക. ജോബ് പ്രൊഫൈൽ വീഡിയോ ചലഞ്ച് - 2019 തൊഴിലിനെയും മാനവിക മൂല്യങ്ങളുടെയും അധ്വാനത്തിന്റെയും മഹത്വം പ്രതിപാദിക്കുന്ന രണ്ട് മിനിറ്റ് മാത്രം ദൈർഘ്യമുള്ള, മലയാളം/ഇംഗ്ലീഷ് വീഡിയോ ഒറ്റയ്ക്കോ പത്തുപേരിൽ കവിയാത്ത ടീമായോ dyc.thrissur@gmail.com എന്ന ഇമെയിൽ ഐഡിയിൽ ബയോഡാറ്റ സഹിതം അയക്കുക. വീഡിയോയുടെ ഒടുവിൽ ഒരു ഗ്യാപ്പ് ഇട്ടശേഷം സ്വയം പരിചയപ്പെടുത്തുന്ന വീഡിയോ തിരിച്ചറിയാൻ സഹായകമാകും. സൃഷ്ടികൾ അയ്ക്കേണ്ട അവസാന തീയതി ആഗസ്റ്റ് ഒൻപത്. വിജയികൾക്ക് അന്തർദേശീയ യുവജന വാരാഘോഷത്തോടനുബന്ധിച്ച് ആഗസ്റ്റ് 14 ന് തൃശ്ശൂരിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് നെഹ്റു യുവകേന്ദ്രയുടെ ജില്ലാ യൂത്ത് കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ: 0487-2360355, 7012393973, 9495217357.